بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 17/06/2016

## (11 RAMADAN 1437 HIJRI)

## Hazrat Khalifathullah Munir Ahmad Azim (A)

## PROXIMITY TO ALLAH AND RECONCILIATION / അല്ലാഹുവിന്റെ സാമീപ്യവും അനുരഞ്ജനവും

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം അല്ലാഹുവിന്റെ സാമീപ്യവും അനുരഞ്ജനവും എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിച്ചു തുടങ്ങി. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനെയും, എന്റെ ഈ ശബ്ദം എവിടെയൊക്കെ എത്തുന്നുവോ അവിടെ ഉള്ള വരെയും എവിടെയൊക്കെയുള്ള ജമാഅത്തു അംഗങ്ങൾ ഈ സന്ദേശം ശ്രവിക്കുന്നുവോ അവരും, ഐക്യ തയുടെയും, സൗഹൃദത്തിന്റെയും, സാഹോദര്യത്തിന്റെയും പുരോഗതിയെക്കുറിച്ച് ജാഗ്രതയോടെ നോക്കി കാണണമെന്ന് ഞാൻ ഉപദേശിക്കുകയാണ്. ഈ സന്ദർഭത്തിൽ, ഇതിന്റെ പ്രഥമനടപടി എന്ന നിലയിൽ ഈ വെള്ളിയാഴ്ച മുതൽ അടുത്ത വെള്ളിയാഴ്ച വരെ ഇത് തുടരേണ്ടതാണ്. ഇഹലോക കാര്യങ്ങളുമായി ബന്ധപ്പെട്ടുള്ളതോ, അല്ലെങ്കിൽ ഞാനാണ് വലിയവൻ എന്ന ഭാവത്തിന്റെ അടിസ്ഥാനത്തിലോ, അല്ലെങ്കിൽ വ്യക്തിപരമായ കാരണങ്ങളാലോ നിങ്ങൾ ഒരാളുമായി അകലം പാലിച്ചിട്ടുണ്ടെങ്കിൽ, നിങ്ങൾ അവരുമായി അനുരഞ്ജനത്തിന് ശ്രമിക്കേണ്ടതാണ്. അഹ്മദിയാ പ്രസ്ഥാനത്തിന്റെ 5-ാം ഖലീഫ ഉൾപ്പടെ ഇസ്ലാമിലെ എല്ലാ വിഭാഗം ജമാഅത്തുകളോടും എല്ലാ ആത്മീയ മുഖ്യന്മാരോടും അവരുടെ എല്ലാ വിധത്തിലുള്ള കർശന പെരുമാറ്റങ്ങളും, താനെന്ന ഭാവവും ഉപേക്ഷിക്കുവാൻ പ്രേരിപ്പിച്ചുകൊണ്ടും, ഇസ്ലാമിന്റെ സംരക്ഷണത്തി നായി വീണ്ടും ഒരുമിക്കുവാനും, ഐക്യതപ്പെടുവാനും അങ്ങനെ ഒരൊറ്റ ഇസ്ലാമിക സംഘമായി വിജയ ത്തിലേക്ക് മുന്നേറുവാനും ഹുസൂർ അഭ്യർത്ഥിക്കുകയുണ്ടായി. നിങ്ങൾ ഇത്തരം ആളുകളോട് സമാധാനം സ്ഥാപിക്കേണ്ടതാണ്. ഈ കാര്യത്തിൽ ഞാനാണ് പീഡിതൻ അതുകൊണ്ട് മറുപക്ഷത്തുനിന്നാണ് സമാ ധാന സ്ഥാപനത്തിന് ആദ്യം മുന്നോട്ട് വരേണ്ടത് എന്ന് നിങ്ങളിൽ ആരും ചിന്തിക്കാനേ പാടില്ല. മറിച്ച്, പീഡി തന്റെ ഭാഗത്ത് നിന്ന് അനുരഞ്ജനം സ്ഥാപിക്കുവാനായി, അവൻ ആദ്യം മുന്നിട്ടു ഇറങ്ങുകയാണെങ്കിൽ, അത് കൂടുതൽ അഭികാമ്യമായ പ്രവർത്തിയായി തീരുന്നു. അനുരഞ്ജനത്തിനായി ആദ്യം മുന്നിട്ട് ഇറങ്ങുന്ന വർക്ക്, വളരെ മഹത്തായ പ്രതിഫലങ്ങളുണ്ട് എന്ന് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. പീഡിതൻ അനുര ഞ്ജനത്തിന് ആദ്യം മുന്നിട്ടിറങ്ങുമ്പോൾ പീഡിപ്പിക്കുന്നവന് ലഭ്യമാകേണ്ട അവസരത്തെ നഷ്ടപ്പെടുത്തുക യും, അവന് ലഭിക്കേണ്ട മഹത്തായ പ്രതിഫലത്തെ ഇല്ലായ്മ ചെയ്യുകയുമാണ് ചെയ്യുന്നത്. കാരണം പീഡി പ്പിക്കുന്നവൻ അനുരഞ്ജനത്തിന് ആദ്യം മുന്നിട്ട് ഇറങ്ങിയാൽ, അവന് ലഭിക്കേണ്ട എല്ലാ പ്രതിഫലങ്ങളും, പീഡിതന് ലഭ്യമാകുന്നു എന്നതാണ് ഇതിന്റെ നേട്ടം. ലോകമെങ്ങുമുള്ള ജമാഅത്തിലെ ഓരോ അംഗത്തി ന്റെയും ചെവികളിൽ, ഈ സന്ദേശം, ഈ ഉപദേശം ചെന്ന് എത്തേണ്ടതുണ്ട്. ഈ ഉപദേശം എല്ലായിടത്തും എത്തിക്കുക എന്നത് എളുപ്പം ഉള്ള കാര്യമൊന്നുമല്ല; ഈ ഉപദേശം വീണ്ടും വീണ്ടും ആവർത്തിക്കുക എന്നത് സാധ്യമാണ്. നിങ്ങൾക്ക് തരുവാൻ ആഗ്രഹിക്കുന്ന മറ്റൊരുപദേശം ഇതാകുന്നു. റമദാൻ എന്ന പേരിൽ അറിയപ്പെടുന്ന ഈ പരിശുദ്ധ മാസത്തിന്റെ അനുഗ്രഹങ്ങൾ പരമാവധി നേടുവാൻ നിങ്ങൾ പരിശ്രമിക്കുക. സർവ്വ ശക്തനായ അല്ലാഹുവാണ് ഈ മാസവും, അവസരവും, ഇത്തര അനുഗ്രഹങ്ങളിൽ എത്തിച്ചേരു വാൻ നിങ്ങൾക്ക് നൽകിയിരിക്കുന്നത്.

ഈ അനുഗ്രഹീത മാസത്തിൽ, പ്രത്യേകം ചില സമയങ്ങളുണ്ട്. അല്ലാഹുവിനോട് ചെയ്യുന്ന പ്രാർത്ഥ നകൾ സ്വീകരിക്കപ്പെടുകയും നിറവേറ്റപ്പെടുകയും ചെയ്യുന്നതാണ്. വ്രതാനുഷ്ഠാനക്കാരുടെ രാവും പക ലുമായി നടത്തുന്ന പ്രാർത്ഥനകൾ സർവ്വശക്തനായ അല്ലാഹു ശ്രദ്ധിക്കുന്നതാണ്. റമദാനിലെ അനുഗ്രഹീത

ദിവസങ്ങളിൽ, സർവ്വശക്തനായ അല്ലാഹുവിന്, ഒരു പ്രത്യേക ബന്ധമുണ്ട് എന്ന് നാം പറയുകയാണെങ്കിൽ, അതൊരു അവഹേളനമായിരിക്കും. എന്നാൽ, ഇത്തരം പാതകൾ അവൻ തന്റെ സൃഷ്ടികൾക്കായി രൂപപ്പെടുത്തിയിട്ടുണ്ട് എന്നതിൽ സംശയമില്ല. അതിൽ അവൻ അവന്റെ അനുഗ്രഹങ്ങൾ ചൊരിഞ്ഞുകൊണ്ടിരിക്കുന്നതാണ്. ഇതിലൂടെ, നിദ്രയിലാണ്ടു കിടന്നവരെ അവൻ ഉണർത്തുന്നു, വർഷത്തിലെ മറ്റു മാസങ്ങളിൽ നന്മകളൊന്നും ചെയ്യാതെയിരുന്നവർക്കും, അൽപം ചില ആത്മീയ പ്രയോജനങ്ങൾ, ഈ അനുഗ്രഹീത റമദാൻ മാസത്തിൽ വിളയിച്ചെടുക്കുവാൻ സാധിക്കുന്നതാണ്.

ഉദാഹരണത്തിന് കൊച്ചുകുട്ടികളെ നോക്കുകയാണെങ്കിൽ, ചെറിയകുട്ടികൾ നിർബന്ധം പിടിക്കാറുണ്ട് അവർക്കും വ്രതമനുഷ്ഠിക്കണമെന്ന് മുതിർന്നവരെപ്പോലെ ! അവർക്ക് വ്രതാനുഷ്ഠാനം നിർബന്ധമുളള കാര്യവുമല്ല. അവർ വർഷത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം ആയിരിക്കും നമസ്ക്കരിക്കുന്നത്. എന്നാൽ റമദാനിൽ വ്രതാനുഷ്ഠാന സമയമാകുമ്പോൾ, അവർക്കും നോമ്പ് പിടിക്കാൻ കഴിയുമെന്നുള്ള ഒരു വിചാരമുണ്ടാകുന്നു. ഒരു രീതിയിൽ, ഇതൊരു പ്രയോജനകരമായ വഴിയാണ്, അവർക്ക് വിശപ്പിന്റെ വഴിയിൽ ഇതിലൂടെ ഒരു പരിശീലനം ലഭിക്കുന്നു. ആഹാരം കഴിക്കാതെ വ്രതം അനുഷ്ഠിക്കുവാൻ പറയുന്നില്ല. അവന്റെ ആത്മാവിന്റെ മേൽ അവന് ഒരു നിയന്ത്രണമുണ്ടാകുന്നതിനായി രൂപകൽപന ചെയ്തിരിക്കുന്നതാണ് ഈ വ്രതം. ആയതിനാൽ അല്ലാഹുവിന് ഇബാദത്തു ചെയ്യുക എന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. അതിലൂടെ ജനങ്ങളെ അല്ലാഹുവിലേക്ക് ആകർഷിക്കുവാൻ കഴിയും. എന്നാൽ ഒരാൾ ഉണരുന്നു, എന്നിട്ട് അവൻ ഇടയത്താഴം കഴിക്കുന്നു, എന്നിട്ട് അവൻ ഉറങ്ങാൻ പോകുന്നു. ഇത്തരം ആളുകളുടേത് എന്ത് വ്രതമാണ് ? സ്ത്രീകളിലും ഈ രോഗം നിലനിൽക്കുന്നതായി ഞാൻ നിരീക്ഷിച്ചിട്ടുണ്ട്. വ്രതാനുഷ്ഠാന ദിവസങ്ങളിൽ അല്ലാഹുവിന് ഇബാദത്തു ചെയ്യുന്നതിനെക്കാൾ, അവർ തിന്നുന്നതിനും കുടിക്കുന്നതിനുമുള്ള ആഹാര പാനീയങ്ങൾ തയ്യാറാക്കുന്ന പ്രവർത്തിയിൽ വ്യാപൃതരാണ്. കുറേ നാളുകളായി ഞാൻ നിരീക്ഷിക്കുന്നു. ഒരു നൂതന കണ്ടു പിടിത്തം എന്ന പേരിൽ ഇഫ്താർ പാർട്ടി ഇസ്ലാമിൽ മുളപൊട്ടി വരുന്നതായി. ഇത് എവിടെ നിന്നു വന്നു ? ആർക്കും അറിയില്ല. (ഖലീഫത്തുല്ലാഹ്, ഇത്തരം ക്രമീകരണങ്ങളെ / നൂതന സിദ്ധാന്തങ്ങളെ അംഗീകരിക്കുന്നില്ല എന്ന വിയോജിപ്പ് പ്രകടിപ്പിക്കുകയായിരുന്നു)

സംശയലേശമന്യേ ഭാര്യയുടെ ഒരു ഉത്തരവാദിത്വം, തന്റെ ഭർത്താവിനും കുടുംബത്തിനും അത്യാവശ്യമായ ആഹാരം തയ്യാറാക്കുക എന്നതാണ്. ഇതെല്ലാം തയ്യാറാക്കുന്നതിന് അവരുടെ വളരെയധികം സമയം അടുക്കളയിൽ ചെലവഴിക്കുകയാണ്, അവരെ സഹായിക്കുവാൻ ഭൃത്യർ ഇല്ലാത്തിടത്തോളം കാലം ! ഭൃത്യർ ഉളളവർക്ക് ഇത് ബാധകമാകില്ലായിരിക്കാം. എന്നാൽ പ്രത്യേകിച്ച് റമദാൻ മാസത്തിൽ ഭക്ഷണം തയ്യാറാക്കുന്നതിന് കൂടുതൽ സമയം അവർ അടുക്കളയിൽ ചെലവഴിക്കുകയും, പ്രാർത്ഥനകളെ അവഗണിക്കുകയും ചെയ്യുന്നു. പുരുഷന്മാരും ഭക്ഷണകാര്യത്തിൽ വളരെയധികം പ്രാധാന്യം കൊടുക്കരുത്. നിങ്ങൾ ഇങ്ങനെ ചെയ്യുമ്പോൾ, അല്ലാഹുവിനെ ആരാധിക്കുന്നതിലൂടെ നിങ്ങളുടെ ഭാര്യമാർക്ക് ലഭ്യമാകേണ്ട അനുഗ്രഹങ്ങൾക്ക് നിങ്ങൾ തടസ്സം ചെയ്യുകയാണ്. അല്ലാഹുവിനെ ആരാധിക്കുന്നതിന് കൂടുതൽ സമയം ചെലവഴിക്കുവാൻ ആ സ്ത്രീകൾക്ക് സാധിക്കുമായിരുന്നു. എന്നാൽ അവർ തങ്ങളുടെ ഭർത്താക്കന്മാരെ ഭയന്ന് അവരുടെ ആവശ്യ നിർവ്വഹണത്തിനായി, അവരുടെ തെറ്റായ സമീപനത്തിന്റെ ഫലമായി, അവർ രസപൂർണ്ണമായ ആഹാരം തയ്യാറാക്കുന്നതിന് നിർബന്ധിതരായി തീരുന്നു. ഞാൻ പുരുഷജനത്തോടും സ്ത്രീജനത്തോടും ഒരു അപേക്ഷ സമർപ്പിക്കുകയാണ്. റമദാനിലെ ഈ അനുഗ്രഹീത ദിവസങ്ങളിൽ അല്ലാഹുവിനെ കൂടുതലായി ആരാധിക്കുന്നതിന് സ്വയം സമയം കണ്ടെത്തുക. രോഗിയായവരും, യാത്രയിലായവരും, മറ്റു കാരണങ്ങളാൽ വ്രതമനുഷ്ഠിക്കുവാൻ കഴിയാത്തവരും റമദാൻ മാസത്തിലെ അനുഗ്രഹങ്ങൾ പരമാവധി നേടുവാൻ പരിശ്രമിക്കേണ്ടതാണ്. അവർക്ക് വ്രതമനുഷ്ഠിക്കുവാൻ സാധിക്കുകയില്ല, എന്നാൽ അവർക്ക് തഹജ്ജുദ് നമസ്ക്കാരത്തിനായി ഉണരുവാൻ കഴിയും, വിശുദ്ധഖുർ ആൻ പാരായണം ചെയ്യുവാൻ കഴിയും, ദാനധർമ്മങ്ങൾ ചെയ്യുവാൻ കഴിയും, ധാരാളം ദു ആ ചെയ്യുവാൻ കഴിയും, ധാരാളം നഫ്ൽ നമസ്ക്കാരം നിർവ്വഹിക്കുവാൻ കഴിയും. ഇതിന്റെ മറുവശം, ഈ ആളുകൾക്ക് യഥാർത്ഥമായ, ആത്മാർത്ഥമായ പശ്ചാത്താപം അവരുടെ ഹൃദയങ്ങളിൽ ഉണ്ടെങ്കിൽ, റമദാൻ മാസത്തിൽ വ്രതമനുഷ്ഠിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ, അവരെ റമദാൻ മാസത്തിൽ വ്രതമനുഷ്ഠിച്ചവരായി കണക്കാക്കുന്നതാണ്. ഒരിക്കൽ പ്രവാചകൻ

(സ) ഒരു യുദ്ധയാത്രയിലായിരുന്നു. (തബൂക്ക് യുദ്ധം) അദ്ദേഹം ചോദിച്ചു. അദ്ദേഹത്തെ പിൻതുടർന്നവർ ആരൊക്കെയായിരുന്നു എന്ന് തന്റെ അനുചരന്മാരോട് ചോദിച്ചു. മദീനയിലെ കുറേ ആളുകളും അവരോടൊപ്പം ആ ജിഹാദിൽ പങ്കെടുത്തിരുന്നു. അനുചരന്മാർ സംശയത്തിലായി, അവർ മദീനയിലായിരിക്കെ അത് എങ്ങനെയാണ് സാധിക്കുന്നതെന്ന് ചോദിച്ചു. അവർ മദീനയിലായിരിക്കുമ്പോൾ അവരുടെ പ്രതിഫലം എന്തിന് പങ്കുവെയ്ക്കണം പ്രവാചകൻ (സ) മറുപടി പറഞ്ഞു. അവർ അലസതകൊണ്ടോ, അനാസ്ഥകൊണ്ടോ, അഥവാ മറ്റെന്തെങ്കിലും ദൗർബല്യം കൊണ്ടോ അല്ല അവർ നമ്മോടൊപ്പം വരാഞ്ഞത്. അവരുടെ നിയന്ത്രണത്തിൽ അല്ലാത്ത എന്നാൽ തികച്ചും ന്യായമായ കാരണങ്ങളാൽ അവർക്ക് വരാൻ കഴിഞ്ഞില്ല. നിശ്ചയമായും നിങ്ങൾ സഞ്ചരിച്ച ഒരു താഴ്‌വരയിലും അവരില്ലാതില്ലായിരുന്നു. ഇത് നിങ്ങളെ ബാധിക്കാതിരിക്കട്ടെ! ആയതിനാൽ ആരാധനയിൽ പങ്കെടുക്കുവാൻ കഴിയാത്തതിന് മതിയായ കാരണം ഒരാൾക്ക് ഉണ്ടെങ്കിൽ, അദ്ദേഹത്തിന് മനസാക്ഷിക്കുത്തില്ലെങ്കിൽ, തീർച്ചയായും ഇബാദത്ത് നിർവ്വഹിച്ച ആളിന് ലഭിക്കുന്ന അതേ അനുഗ്രഹങ്ങൾ അദ്ദേഹത്തിനും ലഭ്യമാകുന്നതാണ്. ഇത്തരം ആളുകൾ ഭയപ്പെടേണ്ടതില്ല. തികച്ചും ന്യായമായ കാരണങ്ങളാൽ, അവന് വ്രതമനുഷ്ഠിക്കുവാൻ സാധിച്ചില്ല. അത് പൂർത്തിയാക്കാൻ കഴിയാത്തതിൽ അവന് ദുഖവുമില്ലെങ്കിൽ, ഈ സൽപ്രവർത്തനങ്ങൾക്കുള്ള ഫലം അല്ലാഹു അവന് നഷ്ടപ്പെടുത്തുകയില്ല. കാരണം അവന്റെ ഉദ്ദേശ്യവും ഹൃദയവും പരിശുദ്ധമാണ്. അത് പൂർത്തിയാക്കുവാൻ അവൻ ആഗ്രഹിച്ചു, എന്നാൽ കഴിഞ്ഞില്ല. അത്തരം ആളുകളുടെ മേൽ അല്ലാഹു അത് നിർവ്വഹിച്ച ആളുകൾക്ക് കൊടുക്കുന്ന അതേ പ്രതിഫലം നൽകുന്നതാണ്. അത്തരം നല്ല പ്രവർത്തികളെ അല്ലാഹു അംഗീകരിക്കുന്നു. ആയതിനാൽ, നമ്മുടെ എല്ലാ പ്രവർത്തനങ്ങളിലും ആരാധനകളിലും നല്ല ഉദ്ദേശം ഉണ്ടായിരിക്കുവാനായി നമുക്ക് പ്രാർത്ഥിക്കാം. ഈ നല്ല പ്രവർത്തികളും, ആരാധനകളും പ്രവർത്തിപഥത്തിൽ കൊണ്ടുവരുവാൻ നമുക്ക് അതിയായ താൽപര്യമുണ്ടായിരിക്കണം. ഈ സ്നേഹ താൽപര്യത്തിനാണ് അല്ലാഹു നമുക്ക് പ്രതിഫലം ചൊരിയുന്നത്. അത് നിങ്ങൾക്ക് പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ പോലും ! അല്ലാഹു അവനെ സ്നേഹിക്കുന്ന അവന്റെ ദാസന്മാരെ സ്നേഹിക്കുന്നു. അവന്റെ തൃപ്തിക്കായി പരിശ്രമിക്കുന്നവരെയും അവൻ സ്നേഹിക്കുന്നു. അല്ലാഹു (ത) അവൻ തെരഞ്ഞെടുത്ത ദാസന്മാരിൽ നമ്മെ ഉൾപ്പെടുത്തട്ടെ. അവന്റെ സാന്നിദ്ധ്യത്താൽ, നമ്മളിലുള്ള സ്നേഹ സൗഹൃദങ്ങളാൽ, നമ്മുടെ വിവേകത്താൽ അവനെ എത്തിപ്പിടിക്കുവാൻ നമുക്ക് കഴിയട്ടെ ആമീൻ !


**Translated & Issued By**

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*